**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2538** **13-09-2023 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തുകളിലും നഗര സഭകളിലും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലും തീർപ്പാക്കാതെയുള്ള ഫയലുകളുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ; നിരവധി അദാലത്തുകളും തീവ്രയജ്ഞ പരിപാടികളും സംഘടിപ്പിച്ചിട്ടും ഫയലുകളിൽ പരിഹാരം കാണാതെ നീണ്ടു പോകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | തീർപ്പാകാതെയുള്ള ഫയലുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം -71172<br>കൊല്ലം - 12161<br>പത്തനംതിട്ട - 30845<br>ആലപ്പുഴ - 14829<br>കോട്ടയം - 10723<br>ഇടുക്കി - ഇല്ല<br>എറണാകുളം- 255<br>തൃശ്ശൂർ - 20221<br>പാലക്കാട് - 1847<br>മലപ്പുറം - 681<br>കോഴിക്കോട്- 6213<br>വയനാട്- 26945<br>കണ്ണൂർ - 11711<br>കാസർകോട് - 14805<br>നിയമപരമായി അനുവദിക്കാൻ കഴിയാത്തതു മതിയായ അനുബന്ധരേഖകൾ ഹാജരാക്കാത്തതുമായ അപേക്ഷകളുടെ തീർപ്പാക്കലിലാണ് പ്രധാനമായും കാലതാമസം. അപേക്ഷകളിലെ അപാകത പരിഹരിച്ച് ലഭിക്കുന്നതിലുള്ള കാലതാമസം |

| | | | |
|---|---|---|---|
| | | | മൂലവും അന്വേഷണ റിപ്പോർട്ടുകൾ ലഭിക്കാനുള്ളതിനാലും കാലാവധി കഴിഞ്ഞിട്ടും ഫയലുകൾ തീർപ്പാക്കാൻ സാധിക്കാത്തത്. അപൂർണമായ അപേക്ഷകൾ നിയമപരമായി തടസ്സമുള്ളതും സാങ്കേതിക തടസ്സമുള്ളതുമായ ഫയലുകൾ, കോടതി, വിജിലൻസ് കേസുകൾ, തീർപ്പുകല്പിക്കാൻ സാധിക്കാത്ത പരാതികൾ എന്നിവയാണ് പ്രധാനമായും തീർപ്പാക്കാൻ അവശേശിക്കുന്നത്. കൂടാതെ മറ്റു വകുപ്പുകളിൽ നിന്നും അനുമതി ഉത്തരവ് ലഭ്യമാകാത്തതും ഫയലുകൾ തീർപ്പ് കല്പിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. |
| (ബി) | സാധാരണ ജനങ്ങൾ ദിനം പ്രതി ഇടപെടുന്ന പഞ്ചായത്തുകളിലും നഗരസഭകളിലും ഫയലുകൾ പരിഹാരം കാണാതെ കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഫയലുകളിൽ അന്തിമ തീർപ്പു കൽപ്പിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ; | (ബി) | അനുവദിക്കാൻ കഴിയാത്തതും മതിയായ അനുബന്ധരേഖകൾ ഹാജരാക്കാത്തതുമായ അപേക്ഷകൾ, കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ ബാഹുല്യവും തൽഫലമായി ഉണ്ടാകുന്ന ഫയലുകളുടെ എണ്ണ കൂടുതലും കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസുകൾ, അപേക്ഷകളിലെ അപാകത പരിഹരിച്ച് ലഭിക്കുന്നതിലുള്ള കാലതാമസം മൂലവും അന്വേഷണ റിപ്പോർട്ടുകൾ ലഭിക്കാനുള്ളതിനാലും കാലാവധി കഴിഞ്ഞിട്ടും ഫയലുകൾ തീർപ്പാക്കാൻ സാധിക്കാത്തത്. നിയമപരമായി തടസ്സമുള്ളതും സാങ്കേതിക തടസ്സമുള്ളതുമായ ഫയലുകൾ, മറ്റു വകുപ്പുകളിൽ നിന്നും അനുമതി ഉത്തരവ് ലഭ്യമല്ലാത്ത ഫയൽ, അപേക്ഷകൾ സമർപ്പിച്ചപ്പോൾ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കാത്ത ഫയൽ, അപൂർണമായ അപേക്ഷ എന്നിവ തീർപ്പാക്കുവാൻ കാലതാമസം നേരിടാറുണ്ട്. കോടതി, വിജിലൻസ് കേസുകൾ, തീർപ്പുകല്പിക്കാൻ സാധിക്കാത്ത പരാതികൾ, ജീവനക്കാരുടെ അച്ചടക്ക നടപടികൾ, ഓഡിറ്റ് സംബന്ധിച്ചുള്ള ഫയലുകൾ എന്നിവയാണ് തീർപ്പാക്കാത്ത ഫയലുകളിൽ പ്രധാനമായും ഉള്ളത്. കത്ത് നൽകി പരിഹരിച്ചശേഷം തീർപ്പാക്കുക, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അദാലത്തുകൾ സംഘടിപ്പിക്കുക. |
| (സി) | ഫയൽ തീർപ്പാക്കുന്നതിൽ മറ്റു സംസ്ഥാനങ്ങളിലെ കാര്യശേഷി ഇവിടില്ലെന്ന പ്രസ്താവന ഗൗരവമായി കണക്കിലെടുക്കുന്നുണ്ടോ; എങ്കിൽ ജീവനക്കാരുടെ | (സി) | ഫയൽ തീർപ്പാക്കുന്നതിൽ മറ്റു സംസ്ഥാനങ്ങളിലെ കാര്യശേഷി ഇവിടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കാനായി |

| | | | |
|---|---|---|---|
| | കാര്യശേഷി വർദ്ധിപ്പിക്കാൻ വകുപ്പ് തലത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | ഫയൽ തീർപ്പാക്കാൻ പ്രതിമാസ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും കില, ഐ.എം. ജി മുഖേന പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുന്നു. ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി ഫയൽ നടപടികൾ വേഗത്തിലാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ